**സബ്മിഷൻ**

(1) ടെട്രാപോഡ് കടൽ ഭിത്തി നിർമ്മാണം

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കഴിഞ്ഞ 15 വർഷക്കാലമായി നിരന്തരം കടൽക്ഷോഭവും കടലേറ്റവുമുണ്ടാകുന്ന ദൈർഘ്യമേറിയ തീരദേശ നിയോജകമണ്ഡലമാണ് കയ്പമംഗലം. രൂക്ഷമായ കടലാക്രമണംമൂലം ഒരായുസ്സിന്റെ മുഴുവൻ വിയർപ്പുപയോഗിച്ച് പടുത്തുയർത്തിയ നൂറ് കണക്കിന് വീടുകൾ തകർന്നതും ജീവനോപാധികൾ നശിച്ചതും തീരശോഷണം സംഭവിച്ചതും സ്ഥലം നഷ്ടപ്പെട്ടതുമായ അതിദയനീയമായ വിവരങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും ഒട്ടനവധി കത്തുകൾ മുഖേനയും നേരിട്ടും വകുപ്പുമന്ത്രിക്കും ഉദ്യോഗസ്ഥർക്കുമെല്ലാം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ യോഗങ്ങളും അന്ന് കൂടിയിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചാണ് സർക്കാർ 2021-22 ബഡ്ജറ്റിൽ പത്ത് തീരദേശങ്ങളെ പ്രത്യേകമായി തെരഞ്ഞെടുത്ത് അവയെ സംരക്ഷിക്കുന്നതിനുള്ള ഹോട്ട്സ്പോട്ട് പദ്ധതി ആവിഷ്കരിച്ചത്. അതിൽ കയ്പമംഗലത്തെ ഉൾപ്പെടുത്തിയത് വലിയ സന്തോഷത്തോടുകൂടിയാണ് ഞങ്ങളെല്ലാം സ്വീകരിച്ചത്. 2022-23 വാർഷിക ബഡ്ജറ്റിൽ

സംസ്ഥാനത്തിന്റെ തീരസംരക്ഷണത്തിനായി നൂറ് കോടി രൂപ നീക്കിവച്ച് പദ്ധതി വേഗത്തിൽ തുടങ്ങുമെന്ന് അറിയിച്ചിരുന്നു. എറിയാട്-എടവിലങ്ങ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ഹോട്ട്സ്പോട്ടിലുൾപ്പെടുത്തിയതിന്റെ ഭാഗമായി ഏത് തരത്തിലുള്ള സംരക്ഷണ മാർഗ്ഗമാണ് കടലോരത്ത് ഒരുക്കേണ്ടതെന്നത് സംബന്ധിച്ച് കേന്ദ്ര ഏജൻസിയായ പൂനെയിലെ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ)-ൽ നിന്നുള്ള സംഘം പഠനം നടത്തി. എന്നാൽ എൻ.സി.സി.ആർ.-ന്റെ പഠന റിപ്പോർട്ടിനുശേഷമുള്ള ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റുണ്ടാക്കി ടെണ്ടർ ക്ഷണിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാവശ്യമായ നടപടിക്രമങ്ങൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നതാണ് പ്രധാനപ്പെട്ട വിഷയം. അതിനാവശ്യമായ ശക്തമായ ഇടപെടൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം. അല്ലെങ്കിൽ ജൂൺ മാസമാകുമ്പോഴേയ്ക്കും കടലാക്രമണംമൂലമുണ്ടാകുന്ന വലിയ പ്രശ്നങ്ങൾ പ്രത്യേകിച്ച് പുനർഗേഹവുമായി ബന്ധപ്പെട്ട് തീരപ്രദേശത്തെ വീടുകളിൽ നിന്നും ആളുകളെ മാറ്റിയപ്പോൾ ആ പ്രദേശമെല്ലാം ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതിയാണ്. കല്ലുകൾ ഇല്ലാത്ത സ്ഥിതിയാണ്; അല്ലെങ്കിൽ മറ്റ്

മാർഗ്ഗങ്ങളില്ലാത്ത സ്ഥിതിയാണ്. ആയതിനാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർത്ത് ഗൗരവമേറിയ ഇക്കാര്യം പരിഹരിക്കാനുള്ള നടപടിയുണ്ടാണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച കാര്യങ്ങളെല്ലാം വളരെ അർത്ഥവത്തായ വിഷയങ്ങളാണ്. പ്രത്യേകിച്ച്, കടലാക്രമണവുമായി ബന്ധപ്പെട്ട് ആ പ്രദേശം നേരിടുന്ന വിഷയങ്ങളാണ് അദ്ദേഹം ഇവിടെ സൂചിപ്പിച്ചത്. കടൽത്തീരത്തുണ്ടായ ഇത്തരം വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഹോട്ട്സ്പോട്ടുകൾ നിശ്ചയിച്ച സന്ദർഭത്തിലും അദ്ദേഹം ഉന്നയിക്കപ്പെട്ട പ്രദേശങ്ങൾ ഹോട്ട്സ്പോട്ട് ഏരിയയാക്കി ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള ശ്രദ്ധചെലുത്തിയിട്ടുണ്ട്. എന്നാൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2021-2022 സാമ്പത്തിക വർഷത്തിൽ ഇതിനോടകം 8 പ്രവൃത്തികൾക്ക് 104.17 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു. 2022-23-ൽ നാല്

പ്രവൃത്തികൾക്കായി 106.4 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 5 പ്രവൃത്തികൾക്ക് 61 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആവർത്തിച്ചുണ്ടാകുന്ന കടൽക്ഷോഭങ്ങളെക്കുറിച്ച് പഠിക്കാനായി കേന്ദ്ര ജലകമ്മീഷൻ, ഐ.ഐ.ടി. ചെന്നൈ, ജലസേചനവകുപ്പ് എന്നീ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വിശദമായ വിവരശേഖരണം നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ തീരസംരക്ഷണത്തിനായി അത്യാവശ്യമായ ഹോട്ട്സ്പോട്ട് പ്രദേശങ്ങൾ കണ്ടെത്തുകയുണ്ടായി. അതിലൊന്നാണ് തൃശ്ശൂർ ജില്ലയിലെ കയ്പമംഗലത്തെ കൊടുങ്ങല്ലൂർ തീരപ്രദേശം. 25-1-2021-ൽ ജലസേചനവകുപ്പ് കേരള തീരപ്രദേശത്തെ നിർദ്ദിഷ്ടമേഖലകളിൽ ശാസ്ത്രീയമായ പഠനം നടത്തുന്നതിനായി ചെന്നൈ ആസ്ഥാനമായി പ്രവൃത്തിക്കുന്ന N.C.C.R (National Centre for Costal Research) സ്ഥാപനവുമായി ധാരണാപത്രം ഒപ്പുവച്ചു. ഇതിനെതുടർന്ന് തീരസംരക്ഷണത്തിനായി വിശദമായ പഠനങ്ങൾ ആവശ്യപ്പെട്ടതിനാൽ എൻ.സി.സി.ആർ.-ന്റെ നേതൃത്വത്തിൽ ഹോട്ട്സ്പോട്ടുകളിൽ പ്രാഥമിക

വിവരശേഖരണം നടത്തുകയുണ്ടായി. ഇതിൽ ശംഖുമുഖം, കൊല്ലംകോട്, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കാപ്പാട് എന്നീ ഹോട്ട്സ്പോട്ടുകളുടെ രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് എൻ.സി.സി.ആർ. കയ്പമംഗലമുൾപ്പെടെയുള്ള 4 ഹോട്ട് സ്പോട്ടുകളായ പൊന്നാനി, തലശ്ശേരി, കൊടുങ്ങല്ലൂർ, വലിയപറമ്പ് എന്നിവയുടെ കരട് രൂപ തയ്യാറാക്കിയെങ്കിലും ജലസേചനവകുപ്പ് ചില സാങ്കേതിക മാറ്റങ്ങൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി.ആർ. വിദഗ്ദ്ധർ 4 ഹോട്ട്സ്പോട്ടുകളിൽ സ്ഥലപരിശോധന നടത്തുകയും അവയുടെ രൂപരേഖ തയ്യാറാക്കുന്നതിന് അധിക വിവരങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. യുദ്ധകാലാടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് എൻ.സി.സി.ആർ. പ്രതിനിധികളെ തിരുവനന്തപുരത്ത് ക്ഷണിച്ചുവരുത്തി സർക്കാർ തലത്തിൽ 31-1-2024-ന് ചർച്ച നടത്തി. ഡിസൈൻ എത്രയുംവേഗം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ എൻ.സി.സി.ആർ. പ്രതിനിധികളെ ഇവിടേയ്ക്ക് വിളിച്ചുവരുത്തി ഇതിന്റെ ഗൗരവം പൂർണ്ണമായും മനസ്സിലാക്കി മുന്നോട്ടുപോകാനാണ്

തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അവസാനഘട്ട തീരുമാനമെടുക്കുന്നതിന് മുമ്പായി സ്ഥലം എം.എൽ.എ. കൂടി ഉൾപ്പെടുത്തി ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുകയും ഇക്കാര്യം ഗൗരവപൂർവ്വമായി കണ്ട് അടിയന്തര നടപടി സ്വീകരിക്കുന്നതിന് പരിപൂർണ്ണ ശ്രദ്ധ ചെലുത്തുന്നതാണ്.

(2) കുടിവെള്ള പദ്ധതി

ശ്രീ. സി. ആർ. മഹേഷ്: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. പ്രത്യേകിച്ച് തൊടിയൂർ പഞ്ചായത്തിലെ കല്ലേലിഭാഗം എന്ന പ്രദേശത്ത് വെള്ളം ലഭിച്ചിട്ട് ഒരു മാസമാവുകയാണ്. അവിടത്തെ ജനങ്ങൾ കുടിവെള്ളമില്ലാതെ ബുദ്ധിമുട്ടുകയാണ്. കൂടാതെ തൊടിയൂർ, തഴവ, ക്ലാപ്പന, ആലപ്പാട്, കരുനാഗപ്പള്ളി നഗരസഭ, കുലശേഖരപുരം, ഓച്ചിറ എന്നീ പ്രദേശങ്ങളിലും കുടിവെള്ള പ്രശ്നം നിലനിൽക്കുകയാണ്. ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഏക ആശ്രയം വർഷങ്ങൾക്കുമുമ്പ് നിലവിൽവന്ന ഓച്ചിറ കുടിവെള്ള പദ്ധതി മാത്രമാണ്. മറ്റൊരു പദ്ധതിയും ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക

നിർദ്ദേശപ്രകാരം കരുനാഗപ്പള്ളി നഗരസഭയ്ക്കുവേണ്ടി മാത്രം ശുദ്ധജലക്ഷാമം പരിഹരിക്കാൻ 'അമൃത് പദ്ധതി'-യിൽ 52 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ശാസ്താംകോട്ട ശുദ്ധജല വിതരണശാലയിൽനിന്നും കരുനാഗപ്പള്ളി നഗരസഭയിലെ താച്ചയിൽമുക്കിലുള്ള സംഭരണശാലയിൽ ജലമെത്തിച്ച് നഗരസഭയിൽ വിതരണം ചെയ്യുന്നതാണ് പദ്ധതി. ഇതിൽ പന്മന പഞ്ചായത്തിലെ കോലോത്തുമുക്കിൽനിന്നും താച്ചയിൽമുക്കുവരെ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തിക്കുവേണ്ടി മാത്രം 17.14 കോടി രൂപയുടെ ഭരണാനുമതി മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആറ് കിലോമീറ്ററോളം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. നാഷണൽ ഹൈവേയിലൂടെയാണ് ഇത് സ്ഥാപിക്കേണ്ടത്. അവിടെ ഹൈവേയുടെ വികസനം നടക്കുന്നതിനാൽ വാട്ടർ അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതുമൂലം പ്രവൃത്തിക്ക് തടസ്സം നേരിടുകയാണ്. അതുകൊണ്ട് ബാക്കി പണം അനുവദിച്ച് ഭരണാനുമതി ലഭിക്കുന്നതിനും നാഷണൽ ഹൈവേ അതോറിറ്റിയുടെ തടസ്സം മാറ്റിയെടുക്കുകയും ചെയ്താൽ മുനിസിപ്പാലിറ്റി പരിധിയിൽ പൂർണ്ണതോതിൽ ജലവിതരണം നടത്താൻ സാധിക്കും. ഈ പദ്ധതി പൂർത്തീകരിച്ചാൽ ഓച്ചിറ

കുടിവെള്ള പദ്ധതിയിൽനിന്നും കരുനാഗപ്പള്ളി നഗരസഭയിൽ വിതരണം ചെയ്യുന്ന ജലം രൂക്ഷമായ കുടിവെള്ള പ്രശ്നം അനുഭവിക്കുന്ന ആലപ്പാട്, ക്ലാപ്പന, ഓച്ചിറ പഞ്ചായത്തുകളിൽ വിതരണം ചെയ്യാൻ സാധിക്കുന്നതാണ്. അതോടൊപ്പം നിലവിൽ ആരംഭിച്ച കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കുലശേഖരപുരം, തഴവ, തൊടിയൂർ പഞ്ചായത്തുകളുൾപ്പെടുന്ന കരുനാഗപ്പള്ളി-കുന്നത്തൂർ സംയുക്ത കുടിവെള്ള പദ്ധതി വേഗത്തിലാക്കാനുള്ള ഇടപെടൽ നടത്തണമെന്ന് അപേക്ഷിക്കുകയാണ്. ഇതിനുവേണ്ടി അമൃത് പദ്ധതിയിലെയും വാട്ടർ അതോറിറ്റിയിലെയും നാഷണൽ ഹൈവേ അതോറിറ്റിയിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ചുചേർത്ത് കരുനാഗപ്പള്ളി നഗരസഭയിലെ പ്രത്യേക കുടിവെള്ള പദ്ധതികളുടെ പ്രവർത്തനം വേഗത്തിലാക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ

എന്നീ പ്രദേശങ്ങളിലും നിലവിൽ ജലവിതരണം നടത്തുന്നത് 2010-ൽ കമ്മീഷൻ ചെയ്ത 15 MLD സ്ഥാപിതശേഷിയുള്ള പദ്ധതിയിൽനിന്നാണ്. ഈ പദ്ധതിയിൽനിന്നും ഉല്പാദിപ്പിക്കുന്ന ശുദ്ധജലത്തിന്റെ അളവ് കുറവായതിനാൽ പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ദൈനംദിന ആവശ്യങ്ങൾ ഇപ്പോൾ പൂർണ്ണമായും നിറവേറ്റാൻ സാധിക്കുന്നില്ല. ഇതിനുപുറമെ ജലജീവൻ മിഷൻ പദ്ധതിൻകീഴിൽ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ വീടുകൾക്കും കുടിവെള്ള കണക്ഷൻ നൽകിവരുന്നതിനാൽ ആകെയുള്ള ജല ഉപഭോഗം വർദ്ധിച്ചിരിക്കുകയാണ്. മുനിസിപ്പാലിറ്റിയിലെ മുഴുവൻ വീടുകളിലും വാട്ടർ കണക്ഷൻ നൽകുന്നതിനായി നിലവിലെ പദ്ധതി മെച്ചപ്പെടുത്തേണ്ടതുണ്ട്. ശാസ്താംകോട്ടയിൽ നിലവിലുള്ള 37 MLD ജലശുദ്ധീകരണശാലയിൽനിന്നുള്ള ശുദ്ധീകരിച്ച ജലം കൊല്ലം കോർപ്പറേഷനുവേണ്ടിയാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. കൊല്ലം കോർപ്പറേഷനിലേയ്ക്കുള്ള പുതിയ ജലവിതരണ പദ്ധതി (ഞാൻകടവ് കുടിവെള്ള പദ്ധതി) കമ്മീഷൻ ചെയ്യുമ്പോൾ ശാസ്താംകോട്ടയിൽനിന്നുള്ള ജലത്തിന്റെ ഒരു ഭാഗം കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിക്ക് വിതരണം ചെയ്യാൻ സാധിക്കും. ഇത് പരിഗണിച്ച് കരുനാഗപ്പള്ളി

മുനിസിപ്പാലിറ്റിക്കായി 52 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി അമൃത് 2.0-യിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോലത്തുമുക്ക് മുതൽ താച്ചയിൽമുക്ക് വരെ ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കാൻ താച്ചയിൽമുക്കിൽ മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള സമ്പിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം, സമ്പിൽ പമ്പ് സ്ഥാപിക്കൽ, നിലവിലുള്ള കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ, കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ 7000 കുടിവെള്ള കണക്ഷനുകൾ എന്നിവയാണ് ഇതിലുൾപ്പെടുത്തിയിട്ടുള്ളത്. അതിന്റെ ആദ്യഘട്ടമായി കോലോത്തുമുക്ക് മുതൽ താച്ചയിൽമുക്ക് വരെ ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി 14.964 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. റോഡ് കട്ടിംഗിനുള്ള അനുമതി നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും ലഭ്യമാകുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. പ്രസ്തുത അനുമതി ലഭ്യമാകുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. എൻ.എച്ച്.എ.ഐ.-യുമായി ഒരു സംയുക്ത പരിശോധന ഈ സമീപ ദിവസം അവിടെപോയി നടത്തുകയുണ്ടായി. താച്ചയിൽമുക്കിൽ മൂന്ന് ലക്ഷം

ലിറ്റർ ശേഷിയുള്ള സമ്പിന്റെയും പമ്പ് ഹൗസിന്റെ നിർമ്മാണം, സമ്പിൽ പമ്പ് സ്ഥാപിക്കൽ, നിലവിലെ കാലപ്പഴക്കം ചെന്ന എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ എന്നിവയുൾപ്പെടെ അമൃത് 2.0-ൽ അഡീഷണൽ പ്രൊപ്പോസലായി മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. അമൃത് 2.0-ൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കാൻ കഴിയും. പ്രസ്തുത പ്രോജക്ട് പൂർത്തിയാകുന്നതോടുകൂടി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ നിലവിലുള്ള ജലദൗർലഭ്യം പരിഹരിച്ച് ശുദ്ധജലലഭ്യത ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്.

## ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി.-യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സനീഷ് കുമാർ ജോസഫ്: സർ, ചോളരാജ ഭരണകാലത്ത് തമിഴ്നാട്ടിൽനിന്ന് കേരളത്തിലേയ്ക്ക് കുടിയേറിയ സൈനികരായിരുന്നു ചവളക്കാരൻ സമുദായം. ചവളം എന്ന ആയുധമുപയോഗിച്ച് യുദ്ധം ചെയ്തതിനാലാണ് ഇവർ ചവളക്കാരെന്ന് അറിയപ്പെട്ടത്. കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കഥകളിൽ ഇവരെക്കുറിച്ച് പരാമർശമുണ്ട്. കേരളത്തിലെ പിന്നോക്ക സമുദായങ്ങളിലൊന്നാണ് ചവളക്കാരൻ. കൃഷിയാണ് അവരുടെ പ്രധാന ഉപജീവനമാർഗ്ഗം. കേരളത്തിൽ പ്രധാനമായും തൃശ്ശൂർ, എറണാകുളം,

വയനാട്, പാലക്കാട്, ജില്ലകളിലാണ് ഈ വിഭാഗം അധിവസിക്കുന്നത്. പനമ്പള്ളി ഗോവിന്ദമേനോൻ കേന്ദ്ര നിയമ വകുപ്പുമന്ത്രിയായിരിക്കെ ചവളക്കാരൻ സമുദായമടക്കമുള്ള സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിലുൾപ്പെടുത്താനായി പാർലമെന്റിൽ 1967-ൽ അവതരിപ്പിച്ച പട്ടികജാതി-പട്ടികവർഗ്ഗ ഭേദഗതി ബിൽ സെലക്ട് കമ്മിറ്റിക്ക് അയച്ചെങ്കിലും അത് നിയമമായില്ല. ഈ കരട് ബില്ലിൽ കേരളത്തിൽനിന്ന് ചവളക്കാരനെ കൂടാതെ ശിപാർശ ചെയ്തിരുന്നത് കുടുംബി, മഡിഗ എന്നീ സമുദായങ്ങളെയാണ്. ഈ രണ്ട് സമുദായങ്ങളെയും ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുത്തിയെങ്കിലും ചവളക്കാരൻ സമുദായം 53 വർഷങ്ങൾക്കുശേഷവും ഒ.ബി.സി. വിഭാഗത്തിലാണ്. 2014-ൽ ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരിക്കെ, ചവളക്കാരനടക്കം 30 സമുദായങ്ങൾക്ക് ഒ.ഇ.സി. ആനുകൂല്യം അനുവദിച്ചു. ഇതുപ്രകാരം ആറ് ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി ഫീസാനുകൂല്യം ലഭിക്കുന്നു. 2023 മാർച്ചിൽ പട്ടികജാതി വിഭാഗത്തിലും ഒ.ഇ.സി. ലിസ്റ്റിലും ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ജസ്റ്റിസ് ജി. ശശിധരൻ ചെയർമാനായ പിന്നോക്ക വിഭാഗ

കമ്മീഷൻ സിറ്റിംഗ് നടത്തിയിട്ടുള്ളതാണ്. സിറ്റിംഗിൽ പങ്കെടുത്ത കിർത്താർഡ്സ് ഉദ്യോഗസ്ഥൻ ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുത്തുന്നതിനെ തത്വത്തിൽ അംഗീകരിച്ചിരുന്നു. ഈ സമുദായത്തെ പൂർണ്ണമായി ഒ.ഇ.സി. വിഭാഗത്തിലുൾപ്പെടുത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സംസ്ഥാനത്ത് പിന്നാക്ക വിഭാഗ പട്ടികയിൽ ക്രമനമ്പർ 12-ലുൾപ്പെട്ട വിഭാഗമായ ചവളക്കാരൻ എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് പ്രധാനമായും അധിവസിക്കുന്നത്. സംസ്ഥാനത്ത് സാമൂഹികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന വിഭാഗത്തിൽ അതായത്, എസ്.സി.ബി.സി.-യിൽ ക്രമനമ്പർ 9 ആയി പ്രസ്തുത സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം ഒ.ഇ.സി. വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന വിഭാഗങ്ങളുടെ പട്ടികയിൽ ക്രമനമ്പർ 21-ആയും ഈ സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും ഒരു വിഭാഗത്തെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ

ഉൾപ്പെടുത്തുന്നതിനുള്ള ശിപാർശയിന്മേൽ കേന്ദ്ര സർക്കാർ തീരുമാനം വൈകുകയോ നിരാകരിക്കുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് ഒരു വിഭാഗത്തെ മറ്റ് അർഹതാ വിഭാഗ പട്ടികയിൽ (ഒ.ഇ.സി.) ഉൾപ്പെടുത്തുന്നത്. ചവളക്കാരൻ സമുദായത്തെ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ ഉൾപ്പെടുത്തുന്നതിന് ഇതുവരെ സംസ്ഥാന സർക്കാർ ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത സമുദായത്തെ ഒ.ഇ.സി. പട്ടികയിലുൾപ്പെടുത്തണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ല. എന്നാൽ അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചപോലെ, 6 ലക്ഷം രൂപ കുടുംബ വാർഷിക വരുമാനപരിധി നിശ്ചയിച്ച് മറ്റർഹതാ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്ന എല്ലാ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങളും ചവളക്കാരൻ സമുദായത്തിനും അനുവദിച്ചുവരുന്നുണ്ട്. ഇപ്പോഴത്തെ സ്ഥിതിയിൽ അത്രമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഭാവിയിൽ കൂടുതലായി എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## <u>സഞ്ചാര സ്വാതന്ത്ര്യം പുനഃസ്ഥാപിക്കൽ</u>

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, കൊയിലാണ്ടി മണ്ഡലത്തിലെ

റെയിൽവേ ട്രാക്ക് കടന്നുപോകുന്ന കോരപ്പുഴ മുതൽ മൂരാട് പാലം വരെയുള്ള പ്രദേശങ്ങളുടെ പടിഞ്ഞാറും കിഴക്കുമുൾപ്പെടെയുള്ള പ്രധാനപ്പെട്ട ഭാഗങ്ങളിൽ താമസിക്കുന്ന നൂറുകണക്കിന് ആളുകൾക്ക് ട്രാക്ക് മറികടക്കുന്നതിന് അണ്ടർപാസ്സുകളോ ഫൂട്ട് ഓവർ ബ്രിഡ്ജുകളോ നിലവിലില്ല. കാലാകാലങ്ങളായി ഇവിടത്തെ ജനങ്ങൾ ഇരുഭാഗങ്ങളിലേയ്ക്കും സഞ്ചരിക്കുന്നതിന് സ്റ്റെപ്പുകകളാണ് ഉപയോഗിക്കുന്നത്. എന്നാൽ യാതൊരു മുന്നറിയിപ്പുകളോ ബദൽ സംവിധാനങ്ങളോ ഏർപ്പെടുത്താതെ കാലാകാലങ്ങളായി നൂറുകണക്കിന് ജനങ്ങൾ ഉപയോഗിച്ചുവരുന്ന വഴികളിലെ സ്റ്റെപ്പുകൾ പൊളിച്ചുമാറ്റി കെട്ടിയടയ്ക്കുകയാണ് റെയിൽവെ ചെയ്തുകൊണ്ടിരിക്കുന്നത്. തൊട്ടടുത്തുള്ള പ്രദേശത്തേയ്ക്കുപോലും പ്രവേശിക്കാൻ കിലോ മീറ്ററുകളോളം യാത്രചെയ്യേണ്ട ഗതികേടാണ് ഇപ്പോൾ അവിടത്തെ നാട്ടുകാർക്കുള്ളത്. തിക്കോടി മുതൽ ഇരിങ്ങൽ വരെയുള്ള നിരവധി വഴികളാണ് ഇത്തരത്തിൽ കെട്ടിയടച്ചിരിക്കുന്നത്. കോരപ്പുഴ സ്കൂളിലേയ്ക്കുള്ള ഏകമാർഗ്ഗവും ഈ ട്രാക്ക് മറികടന്നുള്ള സ്റ്റെപ്പ് വഴിയാണ്. ഇതിലൂടെ ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്ന നിലപാടാണ് റെയിൽവെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ ഭാഗത്തുകൂടി

കടന്നുപോകാനുള്ള ജനങ്ങളുടെ യാത്രാ സ്വാതന്ത്ര്യം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെടാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കൊയിലാണ്ടി മേഖലയിൽ വാരാപ്പുഴയ്ക്കും പാലത്തിനുമിടയിൽ കാലങ്ങളായി റെയിൽവെ പാളം മറികടന്നാണ് ജനങ്ങൾ സഞ്ചരിക്കുന്നത്. ജനങ്ങൾ ഇരുഭാഗങ്ങളിലേയ്ക്കും കടക്കുന്നതിന് ഉപയോഗിച്ചിരുന്ന സ്റ്റെപ്പുകളാണ് ഇപ്പോൾ പൊളിച്ചുമാറ്റപ്പെട്ടിരിക്കുന്നത്. ഇത് ആ പ്രദേശത്തെ ജനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ റെയിൽവെ നിയമത്തിലെ സെക്ഷൻ 147 പ്രകാരം റെയിൽവെ ഭൂമി അതിക്രമിച്ച് കടക്കുന്നത് പിഴയോ തടവോ അല്ലെങ്കിൽ രണ്ടും കൂടിയോ ലഭിക്കാവുന്ന കുറ്റമാണ്. റെയിൽവെയുടെ ഭൂമിയിൽ ഇത്തരം റെയിൽപാതകൾ മറികടക്കുന്നത് തടയുകയെന്നത് റെയിൽവെയുടെ ഏറ്റവും പ്രധാനപ്പെട്ട സുരക്ഷാ മുൻകരുതലാണ്. ഇക്കാരണത്താലാണ് റെയിൽവെ ഭൂമിയിലേയ്ക്ക് പോകുന്ന വഴികൾ/പടവുകൾ പൊളിച്ച് മാർഗ്ഗതടസ്സം

സൃഷ്ടിച്ചിരിക്കുന്നത്. ഇക്കാര്യം റെയിൽവെ അധികൃതർ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ റെയിൽവെ ലൈൻ മുറിച്ചുകടക്കുന്നത് മാരകമായ അപകടങ്ങൾക്കും ട്രെയിനുകൾ പാളം തെറ്റുന്നതിനും കാരണമാകുകയും അത് ട്രെയിൻ യാത്രക്കാരുടെ സുരക്ഷയെയും റെയിൽവേ പ്രവർത്തനത്തെയും ബാധിക്കുകയും ചെയ്യും. കഴിഞ്ഞ നാല് വർഷത്തിനിടെ റെയിൽവെയുടെ ഭൂമിയിൽ അതിക്രമിച്ച് കയറിയ 800-ലധികം പേർക്ക് ജീവൻ നഷ്ടപ്പെട്ടതായും റെയിൽവേ അറിയിക്കുകയുണ്ടായി. അതിനാൽ റെയിൽവെയുടെ ഭൂമിയിലേയ്ക്കുള്ള പാതകൾ അടയ്ക്കുന്നതും അത്തരം പാതകളിൽ തടസ്സങ്ങൾ സ്ഥാപിക്കുന്നതും സുരക്ഷാ മുൻകരുതലുകളുടെ ഭാഗമാണെങ്കിൽപ്പോലും ഈ പ്രദേശത്ത് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ യാത്രക്കാരുടെ യാത്രാദുരിതം മനസ്സിലാക്കി ടി പ്രദേശത്ത് ഒരു ഫൂട്ട് ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെടാവുന്നതാണ്.

<u>പൊന്മുടി ഗവൺമെന്റ് യു.പി. സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം</u>

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, എന്റെ മണ്ഡലത്തിൽ പെരിങ്ങമ്മല പഞ്ചായത്തിലുൾപ്പെട്ട പൊന്മുടി മലയോര ടൂറിസ്റ്റ് കേന്ദ്രത്തിൽ ഒരു

ഗവൺമെന്റ് യു.പി. സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, ഒരു അങ്കണവാടിയും ഈ കോമ്പൗണ്ടിനുള്ളിലാണ്. എൽ.പി.,യു.പി. സ്കൂളിലും അങ്കണവാടിയിലും മെർക്കിസ്റ്റൺ, പൊന്മുടി തുടങ്ങിയ എസ്റ്റേറ്റുകളിലെ തൊഴിലാളികളുടെ കുട്ടികളാണ് പഠിക്കുന്നത്. വനത്താൽ ചുറ്റപ്പെട്ട ഈ സ്കൂളിന് ചുറ്റുമതിലില്ല. വനം വകുപ്പും റവന്യൂ വകുപ്പും സ്കൂൾ അധികൃതരും തമ്മിലുള്ള തമ്മിലുള്ള തർക്കം നിലനിൽക്കുന്നതിനാലാണ് ചുറ്റുമതിൽ നിർമ്മിക്കാൻ സാധിക്കാത്തത്. സ്കൂൾ രേഖകളും വില്ലേജ് ഓഫീസ് രേഖകളും പ്രകാരം സ്കൂൾ ഏരിയ 2.25 ഏക്കറുള്ളതായി കാണുന്നുണ്ടെങ്കിലും വനം വകുപ്പ് ഇത് പൂർണ്ണമായും അംഗീകരിക്കുന്നില്ല. ആയതിനാൽ രേഖകൾ പരിശോധിച്ച് അതിർത്തി നിർണ്ണയിച്ച് നൽകാനും സ്കൂൾ കോമ്പൗണ്ടിൽ ആവശ്യമായ സുരക്ഷാവേലി സ്ഥാപിച്ച് സ്കൂൾ സുരക്ഷിതമാക്കാനും കഴിയണം. ഈ അടുത്ത കാലത്ത് അവിടെ ആനശല്യം മാത്രമല്ല; പുലിയുടെ സാന്നിദ്ധ്യവും നാട്ടുകാരുടെ ശ്രദ്ധയിൽപ്പെടുകയും അധികൃതർ അത് സ്ഥിരീകരിച്ചിട്ടുള്ളതുമാണ്. ഇതിന് പരിഹാരം കാണണമെങ്കിൽ അതിർത്തി തർക്കം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വനം വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ

ആവശ്യപ്പെടുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, തിരുവനന്തപുരം വനം ഡിവിഷന്റെ പരിധിയിലുള്ള കുളത്തൂപ്പുഴ റേഞ്ചിലെ പൊന്മുടി സെക്ഷൻ പരിധിയിൽപ്പെട്ട വനാതിർത്തിയിൽ സ്ഥിതിചെയ്യുന്ന പൊന്മുടി യു.പി. സ്കൂളിലെ പാചകത്തൊഴിലാളി 100 മീറ്റർ പരിധിയിൽ പുലിയെ കണ്ടതായി അറിയിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികളുടെയും ജീവനക്കാരുടെയും സുരക്ഷ അടിയന്തര ആവശ്യമായതിനാൽ പ്രദേശത്ത് എത്തുന്നവരുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നും സ്കൂളിന്റെ കൈവശം നിലവിലുള്ള 47 സെന്റ് സ്ഥലത്ത് അടിയന്തരമായി സുരക്ഷാവേലി നിർമ്മിച്ചുനൽകണമെന്നും വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊന്മുടി ഗവൺമെന്റ് യു. പി. സ്കൂളിന്റെ 2.25 ഏക്കർ സ്ഥലം വനം വകുപ്പിൽനിന്നും അനുവദിച്ച് നൽകിയിരുന്നുവെന്നും ടി ഭൂമി വേർതിരിച്ച് ചുറ്റുമതിൽ കെട്ടുന്നതിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ഹെഡ്മിസ്ട്രസ് കത്ത് നൽകുകയും ആയതുപ്രകാരം ടി സ്ഥലം പരിശോധിക്കുകയും ചെയ്തിരുന്നു. സ്കൂൾ

അധികൃതർ ഹാജരാക്കിയതും 14-06-1964-ൽ പൊന്മുടി സ്കൂൾ ഹെഡ്മിസ്ട്രസിന് വില്ലേജ് ഓഫീസർ നൽകിയിട്ടുള്ളതുമായ രേഖയുടെ ആധികാരികത സ്ഥിരീകരിച്ചിട്ടില്ല. സ്കൂളിന് 2.25 ഏക്കർ വനഭൂമി നൽകിയത് സംബന്ധിച്ച് തെന്നൂർ വില്ലേജിലെ 'എ' രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ കാണുന്നുണ്ടെങ്കിലും 1980 വരെയും കൈമാറ്റം നടന്നിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ബാലാവകാശ കമ്മീഷൻ സ്ഥലം സന്ദർശിക്കുകയും റവന്യൂ ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ സ്കൂളിന്റെ കൈവശ സ്ഥലം അളന്ന് സ്കെച്ച് തയ്യാറാക്കുകയും നിലവിൽ സ്കൂളിന് 47 സെന്റ് മാത്രമേ കൈവശത്തിലുള്ളൂവെന്ന് ബോധ്യപ്പെട്ടിട്ടുള്ളതുമാണ്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 12-09-2023-ന് ചേർന്ന യോഗത്തിൽ യു. പി. സ്കൂളിന് 1.10 ഏക്കർ ഭൂമി ആവശ്യമാണെന്ന് കേരള എഡ്യൂക്കേഷൻ റൂൾ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ടെന്നും ഒരു റസിഡൻഷ്യൽ സ്കൂൾ നിർമ്മിക്കുന്നതിലേയ്ക്ക് 2.25 ഏക്കർ ഭൂമി ആവശ്യമാണെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ അറിയിച്ചിട്ടുണ്ട്. ആയത് അനുവദിച്ച് നൽകുന്ന കാര്യം പരിശോധിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കുറവിലങ്ങാട്-കോഴാ കേന്ദ്രമായി യാഥാർത്ഥ്യമാകുന്ന കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പരമാവധി വേഗത്തിൽ പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളതെങ്കിലും ഏകദേശം 90 ശതമാനം ഫണ്ടും ഇപ്പോൾ സംസ്ഥാന ഗവൺമെന്റാണ് മുതൽമുടക്കുന്നതെന്നുള്ളതുകൊണ്ട് 100 കോടി രൂപയുടെ പദ്ധതിയിൽ 60-70 കോടി രൂപയോളം സംസ്ഥാന ഗവൺമെന്റ് മുടക്കിക്കഴിഞ്ഞിരിക്കുകയാണ്. ഈ പദ്ധതിക്കായി നാമമാത്രമായ തുകയാണ് കേന്ദ്ര ഗവൺമെന്റ് മുതൽമുടക്കിയിട്ടുള്ളത്. ഇനിയുള്ള പ്രവർത്തനങ്ങളും സംസ്ഥാന സർക്കാർ പൂർത്തിയാക്കേണ്ടൊരു സ്ഥിതിയിലാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. 2012-ലെ സംസ്ഥാന ബഡ്ജറ്റിലാണ് സയൻസ് സിറ്റി പ്രഖ്യാപിച്ചത്. അന്നത്തെ മുഖ്യമന്ത്രി

ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കടുത്തുരുത്തിയിലെ കുറവിലങ്ങാട് കേന്ദ്രമായി കെ. മാണി സാർ അടക്കം ഇക്കാര്യങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾക്ക് തുടക്കംകുറിച്ചു. 10 വർഷക്കാലമായി നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങിയാണ് മുന്നോട്ടുപോകുന്നതെന്നതാണ് ഇപ്പോഴത്തെ സങ്കടകരമായ കാര്യം. ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി അവിടം സന്ദർശിച്ചത് ഞങ്ങൾ എല്ലാവരും വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കണ്ടത്. ബഹുമാനപ്പെട്ട മന്ത്രി കാര്യമായ ഇടപെടൽ നടത്തുകയും അതിനെ ഞങ്ങൾ സ്വാഗതം ചെയ്യുകയും ചെയ്തു. പക്ഷെ അതനുസരിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ വിവിധ വിഭാഗങ്ങളെ കോ-ഓർഡിനേറ്റ് ചെയ്ത് കാര്യങ്ങൾ ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ തൃപ്തികരമായി പ്രവർത്തിക്കുന്നില്ലെന്നുള്ള വിഷയമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഇത്രയും കോടിരൂപ മുതൽമുടക്കിയശേഷം നിരവധി കാര്യങ്ങൾ അനാഥാവസ്ഥയിൽ നിൽക്കുന്ന സ്ഥിതി വിശേഷം മാധ്യമങ്ങൾ മുഴുവൻ റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. കാടും പള്ളയും പിടിച്ച് നാശോന്മുഖമായ അവസ്ഥയിലേയ്ക്കെത്തിയിരിക്കുകയാണ്. അതുകൊണ്ട്

ഇതിനൊരു പരിഹാരമുണ്ടാക്കാൻ സാധിക്കുന്ന തരത്തിലുള്ള ഇടപെടലുകളാണ് അത്യന്താപേക്ഷിതമായിട്ടുള്ളത്. സ്പേസ് തീയേറ്റർ കെട്ടിടത്തിലെ മൈക്രോ കോൺക്രീറ്റിംഗ് സ്തംഭനാവസ്ഥയിലാണ്. ഇതിന് ബദൽ സംവിധാനമുണ്ടാക്കുമെന്ന് മന്ത്രിതല യോഗത്തിൽ തീരുമാനിച്ചെങ്കിലും അതിനാവശ്യമായ നടപടികളുമുണ്ടായിട്ടില്ല. ടെക്നിക്കൽ കമ്മിറ്റി ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നിർമ്മാണരംഗത്ത് നടപ്പാക്കുന്നതിനോ ആന്തരിക റോഡുകളുടെ വികസനം നടപ്പാക്കുന്നതിനോ സാധിച്ചിട്ടില്ല. ജലസംഭരണിയുടെ നിർമ്മാണം, വൈദ്യുതീകരണം, പ്രവേശന കവാടങ്ങളുടെ പൂർത്തീകരണം ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം സ്തംഭനാവസ്ഥയിലാണ്. ഏതാനും ജീവനക്കാർ വന്നുപോകുന്നുവെന്നല്ലാതെ സത്യത്തിൽ ഇപ്പോൾ ഒരു കാര്യങ്ങളും നടക്കുന്നില്ല. സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു പ്രോജക്ടാണിത്. ഫലപ്രദമായി ഇത് കോ-ഓർഡിനേറ്റ് ചെയ്യുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സയൻസ് ആൻഡ് ടെക്നോളജി ഡയറക്ടർ ശ്രമിക്കുന്നതായി ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾ മനസ്സിലാക്കുന്നു. പക്ഷേ അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ തൃപ്തികരമായി മുന്നോട്ടുപോകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ

വകുപ്പുമന്ത്രി ഇടപെട്ട് ഇക്കാര്യങ്ങൾ പരിഹരിക്കാനും എത്രയും പെട്ടെന്ന് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഇതിന്റെ ഒന്നാംഘട്ടം വിദ്യാർത്ഥികൾക്കും ജനങ്ങൾക്കുംവേണ്ടി തുറന്നുകൊടുക്കാനുമുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, കോട്ടയം ജില്ലയിലെ കുറവിലങ്ങാടിൽ 2014-ലാണ് സയൻസ് സിറ്റിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. സയൻസ് സെന്റർ ത്രിമാന പ്ലാനറ്റേറിയവും ബഹിരാകാശ ശാസ്ത്ര ഗാലറിയും ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്റർ, മോഷൻ സിമുലേറ്റർ, ആംഫി തിയേറ്റർ എന്നിവയാണ് ആദ്യഘട്ടമായി സയൻസ് സിറ്റിയിൽ വിഭാവനം ചെയ്തിരുന്നത്. ഇതിൽ സ്പേസ് തിയേറ്റർ, മോഷൻ സിമുലേറ്റർ, ആംഫി തിയേറ്റർ, എൻട്രൻസ് പ്ലാസ എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം 2014-15-ൽ തുടങ്ങിയെങ്കിലും വിവിധ കാരണങ്ങളാൽ നിർമ്മാണ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്ന

അവസ്ഥയിലായിരുന്നു. കോട്ടയം സയൻസ് സിറ്റിയുടെ മുടങ്ങിക്കിടന്നിരുന്ന പ്രവൃത്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 2022 ഡിസംബർ 23-ന് ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി കോട്ടയം സയൻസ് സിറ്റി സന്ദർശിക്കുകയും എം.പി./എം.എൽ.എ., മറ്റ് ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിക്കുകയും നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തുകയും ഏജൻസികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസിയായ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയം മേയ് മാസം 22-ന് സയൻസ് സെന്ററിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അതോടൊപ്പം മോഷൻ സിമുലേറ്റർ കെട്ടിടം, ആംഫി തിയേറ്റർ, എൻട്രൻസ് പ്ലാസ കെട്ടിടം, പ്രവേശന കവാടങ്ങൾ എന്നിവയുടെ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഫുഡ് കോർട്ട് കെട്ടിടം, വൈദ്യുതീകരണ പ്രവൃത്തികൾ, ജലവിതരണ സംവിധാനം എന്നിവയുടെ പണി പൂർത്തിയായിവരുന്നു. മൈക്രോ കോൺക്രീറ്റിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ കാരണം സ്പേസ് തീയേറ്റർ നിർമ്മാണം

സ്തംഭനാവസ്ഥയിലായിരുന്നുവെങ്കിലും വിശദമായ ചർച്ചകൾക്കൊടുവിൽ മൈക്രോ കോൺക്രീറ്റിംഗിന് പകരമായി സാങ്കേതിക സമിതിയുടെ അനുമതിയോടെ ടെൻസെൽ ഫാബ്രിക് ഉപയോഗിച്ച് പ്രവൃത്തി പൂർത്തിയാക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ എച്ച്.എൽ.എൽ. ഹൈറ്റ്സ്, സ്പേസ് തീയേറ്റർ അടിയന്തരമായി പൂർത്തിയാക്കാൻ പുതിയ ദർഘാസ് ക്ഷണിക്കുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ട്. ടി കെട്ടിടത്തിൽ സ്ഥാപിക്കാനുള്ള പ്ലാനറ്റേറിയം ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജർമ്മൻ കമ്പനിയായ Carl Zeiss ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ നടന്നുവരികയാണ്. കോട്ടയം സയൻസ് സിറ്റിയുടെ ആദ്യഘട്ടമായി ഫൺ സയൻസ്, മറൈൻ ലൈഫ് ആന്റ് സയൻസ്, എമർജിംഗ് ടെക്നോളജി എന്നീ ശാസ്ത്ര ഗാലറികളും ത്രിമാന തിയേറ്ററും വിവിധ വർക്ക്ഷോപ്പുകളും ഓഡിറ്റോറിയവും സയൻസ് പാർക്കും ദിനോസർ പാർക്കും ഉൾപ്പെട്ട സയൻസ് സെന്റർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനായി ക്യാമ്പസ്സിനുള്ളിലെ റോഡുകളുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം

എന്നിവകൂടിയാണ് പൂർത്തീകരിക്കേണ്ടത്. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ക്യാമ്പസ്സിനുള്ളിലെ റോഡുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചുകഴിഞ്ഞിരിക്കുകയാണ്. വൈദ്യുതീകരണ പ്രവൃത്തികളുടെ ചുമതല പൊതുമേഖലാ സ്ഥാപനമായ കെൽ-നെ ഏൽപ്പിച്ചിട്ടുണ്ട്. സയൻസ് സെന്ററിലേയ്ക്കും അനുബന്ധ കെട്ടിടങ്ങളിലേയ്ക്കുമുള്ള ജലവിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിന് തുടർച്ചയായി അവലോകന യോഗങ്ങൾ വിളിച്ചുചേർക്കുന്നുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചും മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയും സമയബന്ധിതമായി സയൻസ് സിറ്റി പൂർണ്ണമായും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതാണ്. ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ള ബന്ധപ്പെട്ടവരുടെ യോഗം വീണ്ടും ചേരാവുന്നതാണ്.

## മലമ്പുഴ ഉദ്യാന നവീകരണം

ശ്രീ. എ. പ്രഭാകരൻ: സർ, ടൂറിസം മേഖലയിൽ നമ്മുടെ സംസ്ഥാനം

വലിയ പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമുഖമായ പ്രവർത്തനങ്ങളിലൂടെ അത്തരമൊരു നേട്ടത്തിലേയ്ക്ക് കേരളം എത്തിച്ചേരുന്നതിൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ മലമ്പുഴ ഉദ്യാനത്തിന്റെ ദയനീയാവസ്ഥയെക്കുറിച്ച് സൂചിപ്പിക്കാനാണ് ഈ സബ്മിഷനിലൂടെ ശ്രമിക്കുന്നത്. ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ടൊരു വിനോദസഞ്ചാര കേന്ദ്രമാണ് മലമ്പുഴ ഉദ്യാനം. ജനങ്ങളെ ആകർഷിക്കുന്ന കാര്യത്തിൽ ഇപ്പോഴും ഒട്ടും കുറവുണ്ടായിട്ടില്ല. ഓണക്കാലം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലങ്ങളിൽ ലക്ഷക്കണക്കിന് ആൾക്കാർ അവിടെ അനുദിനം വന്നുപോകുന്നുണ്ട്. മുമ്പ് മലമ്പുഴ ഉദ്യാനം എങ്ങനെയായിരുന്നുവെന്നും ഇപ്പോഴുള്ള അതിന്റെ സ്ഥിതി ദയനീയമാണെന്നും വന്നുപോകുന്നവർ പറയാറുണ്ട്. മലമ്പുഴ ഉദ്യാന നവീകരണത്തിനുവേണ്ടി 2018-19-ലെ ബഡ്ജറ്റിൽ 10 കോടിരൂപ നീക്കിവച്ചിട്ടുണ്ടായിരുന്നു. ജലസേചന വകുപ്പും വിനോദസഞ്ചാര വകുപ്പും ചേർന്ന് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതാണ് പ്രാരംഭ പ്രവർത്തനങ്ങൾ നടക്കാത്തതിന്റെ കാരണം. വകുപ്പുകൾ തമ്മിൽ ഏകീകരണമില്ലാത്തതിന്റെ

കുഴപ്പമാണ് മലമ്പുഴ ഉദ്യാനത്തിന്റെ ഈ ശോച്യാവസ്ഥയ്ക്ക് വഴിവച്ചിട്ടുള്ളത്. കഴിഞ്ഞ ജനവരി മാസം 23-ാം തീയതി മുതൽ 28-ാം തീയതിവരെ അവിടെ പുഷ്പമേള സംഘടിപ്പിച്ചിരുന്നു. അതിൽനിന്നും 49,80,000 രൂപ ഗേറ്റ് കളക്ഷനായി ലഭിക്കുകയുണ്ടായി. പഴയ പ്രതാപത്തിന്റെ പേരിൽ ജനങ്ങൾ അവിടെ വന്നുപോകുകയാണ്. പക്ഷേ അവിടെ ഒരു നവീകരണവും നടക്കുന്നുമില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മുൻകയ്യെടുത്ത് രണ്ട് വകുപ്പുകളെയും സംയോജിപ്പിച്ചുകൊണ്ട് യോഗം ചേർന്ന് ഒരു തീരുമാനത്തിലെത്താനും മലമ്പുഴ ഉദ്യാന നവീകരണത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും 2018-19-ൽ നീക്കിവച്ച തുക ചെലവഴിക്കാനുള്ള പ്രാരംഭ പ്രവർത്തനം നടത്താനും തയ്യാറാകണം. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, സംസ്ഥാനത്തെ വളരെ പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നാണ് മലമ്പുഴ ഉദ്യാനം. ചെറുപ്പത്തിൽ എവിടെ പോകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണെങ്കിൽ പറയാറുള്ള പേര് മലമ്പുഴ

ഉദ്യാനത്തിന്റേതാണ്, എല്ലാവരും അങ്ങനെ തന്നെയാണെന്ന് കരുതുന്നു. മലമ്പുഴ വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം സംബന്ധിച്ച് നേരത്തെയും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. പ്രഭാകരൻ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. വളരെ ആത്മാർത്ഥമായാണ് അദ്ദേഹം അതിനുവേണ്ടി ശ്രമം നടത്തിക്കൊണ്ടിരിക്കുന്നത്. മലമ്പുഴയെ മികച്ച വിനോദസഞ്ചാര കേന്ദ്രമാക്കി ഉയർത്തുന്നതിന് 10 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിരുന്നു. അതിന്റെ വിശദവിവരങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതോടൊപ്പം അന്താരാഷ്ട്ര നിലവാരത്തിലുള്ള ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മിക്കുന്നതിനും ടൂറിസം വകുപ്പ് ഫണ്ടനുവദിച്ചിരുന്നു. നമ്മുടെ പല ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും ഒരു പ്രധാന പ്രശ്നം നല്ലൊരു ടോയ്‌ലറ്റ് ബ്ലോക്ക് ഇല്ലെന്നുള്ളതാണ്. അത് പരിഹരിക്കുന്നതിനായി ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകളിൽ ടോയ്‌ലറ്റ് ബ്ലോക്കുകൾ നിർമ്മിക്കാൻ എൽ.ഡി.എഫ്. സർക്കാർ തീരുമാനിച്ച സന്തോഷ വിവരം പ്രത്യേകം അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജലവിഭവ വകുപ്പിന്റെ അധീനതയിലാണ് മലമ്പുഴ ഡാമും പരിസരവുമെന്നത് ഇവിടെ സൂചിപ്പിച്ചു. ടൂറിസം വകുപ്പ് വിഭാവനം ചെയ്ത രണ്ട് പദ്ധതികളും ഇതുവരെ

ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. മലമ്പുഴയുടെ വികസന പദ്ധതി ഇനിയും നീട്ടിക്കൊണ്ടുപോകാൻ സാധിക്കില്ലെന്നത് ഒരു വസ്തുതയാണ്. ഇപ്പോഴും വൻതോതിൽ സഞ്ചാരികളെത്തുന്ന കേന്ദ്രമാണ് മലമ്പുഴ. അത് ഇനിയും നഷ്ടപ്പെടാൻ പാടില്ലാത്ത കാര്യമാണ്. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായും സംസാരിച്ചിട്ടുണ്ട്. അദ്ദേഹം ഇക്കാര്യത്തിൽ പോസിറ്റീവായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, പാലക്കാട് ജില്ലാ കളക്ടർ, വകുപ്പ് സെക്രട്ടറിമാർ, ബഹുമാനപ്പെട്ട എം.എൽ.എ., ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം വിളിച്ചുചേർക്കാൻ പോകുന്ന വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

## ടൂറിസം വികസന പ്രവർത്തനങ്ങൾ

ശ്രീ. വി. കെ. പ്രശാന്ത്: സർ, തിരുവനന്തപുരം നഗരത്തിലെ ടൂറിസ്റ്റ് വികനസപ്രവർത്തനങ്ങളെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിരവധി വികസന പദ്ധതികൾ നഗരത്തിൽ നടപ്പാക്കിവരികയാണ്. അതിനെ പ്രത്യേകം

അഭിനന്ദിക്കുന്നു. മാനവീയം വീഥി, അയ്യങ്കാളി ഹാളിനുസമീപത്തുള്ള റോഡ്, ശംഖുമുഖം ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് സെന്റർ, ആക്കുളം അഡ്വഞ്ചർ ടൂറിസം പാർക്ക് എന്നിവിടങ്ങളിലെല്ലാം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവിടത്തെ വികസന പരിപാടികൾ ത്വരിതപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ശംഖുമുഖം ഉൾപ്പെടെ എം.ജി. കോളേജിന് മുൻവശത്ത് ഫുഡ്സ്ട്രീറ്റ് ഒരുക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുമോയെന്നത് സബ്മിഷന്റെ ഭാഗമായി ഉന്നയിക്കുകയാണ്. പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മുന്നിൽ Augmented reality heritage walkway ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പാക്കുമെന്നും ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. അത്തരം പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. അയ്യങ്കാളി ഹാളിനുമുന്നിൽ നൈറ്റ് ലൈഫ് പദ്ധതിയുൾപ്പെടെ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനവും തീർച്ചയായും സ്വാഗതാർഹമായ കാര്യമാണ്. ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ അവിടെ ഒരുക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തണമെന്നും അഭ്യർത്ഥിക്കുന്നു. പോലീസ് എയ്ഡ്പോസ്റ്റും ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ

അവിടെ ഒരുക്കുന്നതും തീർച്ചയായും ഉചിതമായിരിക്കും. മാനവീയം മോഡലിൽ കൂടുതൽ സ്ഥലങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നത് നഗരത്തിലേയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുന്നത് ഗുണകരമാകും. പത്മനാഭസ്വാമി ക്ഷേത്രത്തിലേയ്ക്ക് വരുന്ന ആളുകളെ ഇത്തരം സെന്ററുകളിലേയ്ക്കുകൂടി എത്തിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നത് നല്ലതായിരിക്കും. ഇവിടങ്ങളിലെ മതസ്ഥാപനങ്ങളുടെ മുൻവശം ഇത്തരം ക്രമീകരണങ്ങളുടെ ഭാഗമായി ഒരുക്കുമ്പോൾ പ്രത്യേക കരുതൽ നടത്തണമെന്നുകൂടി ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ വേഗത്തിലാക്കണമെന്നാണ് എന്റെ സബ്മിഷന്റെ ഉള്ളടക്കം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, തിരുവനന്തപുരം നഗരം ഇപ്പോൾ തലസ്ഥാനനഗരി എന്നതിലുപരി ഫെസ്റ്റിവൽ സിറ്റിയായി മാറിക്കഴിഞ്ഞിരിക്കുകയാണ്. വർഷത്തിലെ മിക്ക മാസങ്ങളിലും എന്തെങ്കിലുമൊരു ഫെസ്റ്റിവൽ/ഒരു ഒത്തുചേരൽ തിരുവനന്തപുരം നഗരത്തിൽ നടക്കുന്നുണ്ട്. ഓണാഘോഷമായാലും കേരളീയം പരിപാടിയായാലും

പുതുവത്സരാഘോഷത്തിന്റെ ഭാഗമായ പരിപാടികളായാലും നമുക്കത് കാണാൻ സാധിക്കും. നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്ന സഞ്ചാരികൾ, പ്രത്യേകിച്ച് വിദേശ സഞ്ചാരികൾ, മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന സഞ്ചാരികൾ, മറ്റ് ജില്ലകളിൽനിന്നും തലസ്ഥാന നഗരിയിലേയ്ക്ക് വരുന്നവർ എന്നിവർക്കെല്ലാം നല്ലരീതിയിൽ ആഹ്ലാദം നൽകുന്ന രീതിയിലേയ്ക്ക് തിരുവനന്തപുരം നഗരത്തെ മാറ്റേണ്ടതുണ്ടെന്ന ലക്ഷ്യത്തോടുകൂടി വൈവിദ്ധ്യമാർന്ന പദ്ധതികൾക്ക് ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകളുമായും തിരുവനന്തപുരം കോർപ്പറേഷനുമായും ചേർന്ന് നഗരത്തിന്റെ മുഖഛായ മാറ്റുകയെന്ന ലക്ഷ്യത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കിവരികയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. വി. കെ. പ്രശാന്ത് കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. നഗരപിതാവ് ആയിരുന്ന വ്യക്തിയാണ് അദ്ദേഹം. തിരുവനന്തപുരം നഗരത്തിന്റെ മുക്കുംമൂലയും അറിയുന്ന നഗരം കലക്കിക്കുടിച്ചൊരു വ്യക്തികൂടിയാണ്. നഗരത്തിലെ എം.എൽ.എ.-മാരുമായും ജില്ലയിലെ മന്ത്രിമാരുമായും പല ചർച്ചകളും നടത്തിയിട്ടുണ്ട്. പൊതുയിടങ്ങളെ ആകർഷകവും ജനസൗഹൃദവുമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ പദ്ധതികൾക്ക് രൂപം നൽകുന്നത്. ഇപ്പോൾ

നമ്മുടെ തൊഴിൽരീതികളിലും സമയക്രമങ്ങളിലും നല്ല വ്യത്യാസം വന്നിട്ടുണ്ട്. നേരത്തെ ഒരു വീട്ടിൽ രക്ഷിതാക്കൾ ജോലികഴിഞ്ഞ് വന്നാൽ വൈകുന്നേരം ഒരു ഫസ്റ്റ് ഷോ സിനിമയ്ക്ക് പോകും. ഇപ്പോൾ ജോലികഴിഞ്ഞ് വരുന്ന സമയം വൈകുന്നേരമല്ല, രാത്രിയാണ്. ഏഴര-എട്ടുമണിയോളമാകും അവർ വീട്ടിൽ തിരിച്ചെത്താൻ. കുടുംബവുമായി അല്ലെങ്കിൽ കൂട്ടുകാരോടൊപ്പം പോകാനുള്ളയിടം നഗരങ്ങളിൽ കുറവാണെന്നതാണ് നമ്മുടെ നഗരങ്ങളിലെയൊരു പ്രശ്നം. നമ്മുടെ സംസ്ഥാനത്ത് ജനസാന്ദ്രത കൂടുതലാണ്. നൈറ്റ് ലൈഫ് എന്ന് പേര് കൊടുക്കാം, യഥാർത്ഥത്തിൽ കുടുംബവുമായോ അല്ലെങ്കിൽ സുഹൃത്തുക്കളോടൊപ്പം വന്നിരിക്കാനും കുറച്ചധികം സമയം ചെലവഴിക്കാനും സാധ്യമാകുന്ന ഇടങ്ങൾ നമ്മുടെ സംസ്ഥാനത്തിന്റെ നഗരങ്ങളിലുണ്ടാകേണ്ടതുണ്ട്. പല ബീച്ചുകളുമെടുത്ത് പരിശോധിച്ചാൽ രാത്രി 12.00 മണിവരെയൊക്കെ ആളുകൾ കുടുംബവുമായി ഇരിക്കുന്നത് കാണാൻ സാധിക്കും. ഇത്തരത്തിലുള്ള ലെഷർ കേന്ദ്രങ്ങൾ സജ്ജമാക്കുകയെന്നത് പ്രധാനമാണ്. നഗരത്തിലെ പ്രധാനപ്പെട്ട മാനവീയം വീഥി ഒരു സാംസ്കാരിക ഇടനാഴികൂടിയായി മാറി. അവിടെ പോയവർക്ക് അതിന്റെ ട്രെൻഡ് മനസ്സിലാക്കാനാകും. തദ്ദേശസ്വയംഭരണ വകുപ്പ്, സ്മാർട്ട്

സിറ്റി, കോർപ്പറേഷൻ, ജില്ലാ ഭരണകൂടം, പോലീസ് എന്നിവരുടെ സഹകരണത്തോടെ മികച്ച നിലയിൽ നഗരം രാത്രിയിലും ജനനിബിഡമായി മാറിക്കൊണ്ടിരിക്കുകയാണ്. സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി നവീകരണം സാധ്യമാക്കുന്ന ഇവിടെ സൂചിപ്പിച്ച അയ്യങ്കാളി ഹാൾ റോഡ് ആകർഷകമാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അത് മറ്റാർക്കും പ്രയാസമുണ്ടാകാത്ത രീതിയിൽ എല്ലാവരുമായി ചർച്ച ചെയ്തായിരിക്കും നടപ്പിലാക്കുന്നത്. ആളുകൾക്ക് നടക്കാനുള്ള വാക്‌വേ, ഇരിപ്പിടങ്ങൾ എന്നീ സൗകര്യങ്ങളാണ് അവിടെ ഒരുക്കുന്നത്. സ്മാർട്ട് സിറ്റിയുമായും തിരുവനന്തപുരം കോർപ്പറേഷനുമായും സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. കോർപ്പറേഷൻ മേയർ ഉൾപ്പെടെയുള്ളവരുമായി ചർച്ച നടത്തിക്കഴിഞ്ഞു. നഗരത്തിലെ ചില പാർക്കുകൾകൂടി ഇത്തരം പദ്ധതികളുടെ ഭാഗമാക്കാൻ ആലോചിക്കുന്നുണ്ട്. അതിനായി തിരുവനന്തപുരം കോർപ്പറേഷനുമായി നടത്തിയ ചർച്ച വളരെ പോസിറ്റീവായിരുന്നു. നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകളും മഹാരഥന്മാരുടെ പ്രതിമകളും ആകർഷകമാക്കാനുള്ള പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. പ്രധാന വ്യക്തികളുടെ ജീവിതരേഖ പരിചയപ്പെടുത്തുന്ന

തരത്തിലുള്ള ആധുനിക സങ്കേതങ്ങളാണ് ഇതിനായി സജ്ജമാക്കിയിട്ടുള്ളത്. ശംഖുമുഖത്തിന്റെ പ്രൗഢി തിരിച്ചെത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. ഇന്ത്യയിലാദ്യമായാണ് ഒരു സംസ്ഥാന സർക്കാരിന്റെ ചെലവിൽ ടൂറിസം വകുപ്പിനുകീഴിൽ ഒരു ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രം ആരംഭിച്ചത്. അത് തിരുവനന്തപുരത്ത് ശംഖുമുഖത്താണെന്ന് വളരെ സന്തോഷത്തോടുകൂടി സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഡി.റ്റി.പി.സി.-യുടെ നേതൃത്വത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ മറ്റ് സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിനടുത്ത് ആർട്ട് ഗ്യാലറികൂടി പദ്ധതിയുടെ ഭാഗമാക്കി മാറ്റാൻ തിരുവനന്തപുരം കോർപ്പറേഷൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതോടൊപ്പം ടൂറിസം വകുപ്പ്, ഡി.റ്റി.പി.സി., സ്മാർട്ട് സിറ്റി, ഫുഡ് സേഫ്റ്റി എന്നിവ ചേർന്ന് ഫുഡ് സ്ട്രീറ്റും ശംഖുമുഖത്ത് സജ്ജമാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഒരു യോഗം ചേർന്ന് കാര്യങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ട്. ആക്കുളം ടൂറിസ്റ്റ് വില്ലേജ് ഇന്ന് വലിയ പ്രശസ്തി നേടിക്കഴിഞ്ഞു. ഐ.ടി. മേഖലയ്ക്കടുത്ത ടൂറിസം കേന്ദ്രമെന്ന ഒരു പ്രത്യേകതകൂടിയുണ്ട്. ആ പ്രാധാന്യം ഉള്ളതുകൊണ്ടുതന്നെ ആക്കുളത്തിന് പ്രത്യേക പ്രാധാന്യം വർദ്ധിക്കുകയാണ്. ആക്കുളം അഡ്വഞ്ചർ പാർക്കിലെ

ഗ്ലാസ് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. അതോടൊപ്പം ബൈപാസ് മുതൽ ആക്കുളം പാർക്ക് വരെ സ്മാർട്ട് സിറ്റി സഹായത്തോടെ റോഡ് സൗന്ദര്യവൽക്കരണത്തിന് തീരുമാനിച്ചിട്ടുണ്ട്. ഗ്ലാസ് ബ്രിഡ്ജ് വന്നാൽ എല്ലാ എം.എൽ.എ.-മാർക്കും ഒരുമിച്ച് ഭരണകക്ഷി-പ്രതിപക്ഷ ഭേദമെന്യേ കൈകോർത്തുകൊണ്ട് അതിലൂടെ നടക്കാമെന്നും ഞാൻ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഫറോക്ക് പഴയപാലം പോലെ തിരുവനന്തപുരം നഗരത്തിലെ പാലങ്ങൾ ആകർഷകമാക്കുന്ന പദ്ധതിയും ആരംഭിക്കും. അതിനായി നിയമസഭയ്ക്ക് തൊട്ടടുത്തുള്ള ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പാലം, ബേക്കറി ജംഗ്ഷൻ ഫ്ലൈ ഓവർ എന്നിവ ദീപാലംകൃതമാക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന സന്തോഷ വിവരവും ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെ തലസ്ഥാന നഗരിയെ കൂടുതൽ ആകർഷകമാക്കാനാണ് ടൂറിസം വകുപ്പ് ആഗ്രഹിക്കുന്നത്. ജില്ലയിലെ മന്ത്രിമാർ, എം.എൽ.എ.-മാർ, മേയർ, തദ്ദേശസ്വയംഭരണ സ്ഥാപന ഭാരവാഹികൾ, സ്മാർട്ട് സിറ്റി ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരുടെയും സഹകരണം ഇക്കാര്യത്തിൽ പ്രതീക്ഷിക്കുകയാണ്. എല്ലാവരെയും യോജിപ്പിച്ച് നിർത്തി തിരുവനന്തപുരം നഗരത്തെ ഒരു

പ്രധാന ഫെസ്റ്റിവൽ സിറ്റി എന്ന പ്രാധാന്യത്തോടെകണ്ട് പ്രവർത്തനങ്ങളുമായി മുന്നോട്ടുകൊണ്ടുപോകാനാണ് ടൂറിസം വകുപ്പ് ആഗ്രഹിക്കുന്നതെന്നുകൂടി ഈ സഭയെ അറിയിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു.

## ആശുപത്രി ജീവനക്കാരുടെ അഭാവം

ശ്രീ. കെ. പി. എ. മജീദ്: സർ, തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ താലൂക്കാശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. തുടങ്ങിയ കേന്ദ്രങ്ങളിൽ ആവശ്യമായ ഡോക്ടർമാരോ പാരാമെഡിക്കൽ സ്റ്റാഫോ ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ട് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തിരൂരങ്ങാടി താലൂക്കാശുപത്രിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ധാരാളം രോഗികൾ വരുന്ന ആശുപത്രിയാണിത്. ഒ.പി. ടിക്കറ്റുമെടുത്ത് ചെല്ലുമ്പോഴാണ് ഗൈനക്കോളജി വിഭാഗത്തിൽ ഡോക്ടർമാരില്ലെന്ന് അറിയുന്നത്. രേഖ പ്രകാരം ഡോക്ടർമാരുണ്ടാകും. പക്ഷെ ഫലത്തിൽ ഒന്നും നടക്കാത്ത സ്ഥിതിയാണുള്ളത്. എന്റെ കൈവശമുള്ള വിവരങ്ങൾ മാത്രം ശ്രദ്ധയിൽപ്പെടുത്താം. തിരൂരങ്ങാടി

താലൂക്കാശുപത്രിയിൽ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ്-2 ഒഴിവ്, ഡെന്റൽ ജൂനിയർ കൺസൾട്ടന്റ്- 1 ഒഴിവ്, സ്റ്റാഫ് നഴ്സ്-4 ഒഴിവ്, നഴ്സിംഗ് അസിസ്റ്റന്റ്-1 ഒഴിവ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II -2 ഒഴിവ്, ഡയാലിസിസ് ടെക്നീഷ്യൻമാർ-2 ഒഴിവ്, റേഡിയോഗ്രാഫർ- 1 ഒഴിവ്. ഇതാണ് താലൂക്കാശുപത്രിയുടെ നിലവിലെ സ്ഥിതി. പരപ്പനങ്ങാടി പി.എച്ച്.സി.-യിൽ ഹോസ്പിറ്റൽ അറ്റൻഡന്റിന്റെ തസ്തികയും ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയും ഒഴിഞ്ഞുകിടക്കുന്നു. സി.എച്ച്.സി. നെടുവയിൽ ഹെൽത്ത് ഇൻസ്പെക്ടറിന്റെ ഒഴിവുണ്ട്. കൂടാതെ പി.എച്ച്.എൻ.-1 ഒഴിവ്, സ്റ്റാഫ് നഴ്സ്-1 ഒഴിവ്, ജെ.പി.എച്ച്.എൻ.-3 ഒഴിവ്. അതുപോലെ നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസറുടെ ഒരൊഴിവാണ്. ഹെൽത്ത് ഇൻസ്പെക്ടറുടെ ഒഴിവുണ്ട്. ജെ.പി.എച്ച്.എൻ.-ന്റെ മൂന്ന് ഒഴിവുണ്ട്. തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിലും ഇതുപോലെ പി.എച്ച്.എൻ.-ന്റെ ഒരു ഒഴിവുണ്ട്. സ്റ്റാഫ് നഴ്സിന്റെ തസ്തിക ഇതുവരെയും അനുവദിച്ചിട്ടില്ല. 4 തസ്തികയെങ്കിലും അനുവദിക്കേണ്ടതാണ്. പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1-ന്റെ ഒഴിവുണ്ട്. അടിയന്തരമായ ആരോഗ്യ പ്രവർത്തനം നടത്താനാവശ്യമായ

ഡോക്ടർമാരുടെ അഭാവം, പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവ് എന്നിവയെല്ലാം വളരെ ഗൗരവമായ രീതിയിൽ നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി താലൂക്കാശുപത്രി സന്ദർശിക്കുകയും കുറെ കാര്യങ്ങൾ പറയുകയും ചെയ്തിരുന്നു. പക്ഷെ, നിലവിൽ ഡോക്ടറുടെ സേവനം വളരെ പ്രയാസകരമായ സ്ഥിതിയാണുള്ളത്. അതിനാൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി പ്രത്യേകം താൽപ്പര്യമെടുത്ത് ഇക്കാര്യത്തിൽ തീരുമാനമുണ്ടാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, തിരുരങ്ങാടി നിയോജകമണ്ഡലത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ കൂടാതെ പ്രധാനമായും 7 സ്ഥാപനങ്ങളാണുള്ളത്. തിരുരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിലെ ശരാശരി ഒ.പി.-1169, നെടുവ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.- 410, പരപ്പനങ്ങാടി കുടുംബാരോഗ്യ കേന്ദ്രത്തിലെ ശരാശരി ഒ.പി.-240, തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒ.പി.-159, നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒ.പി.-251, ഇടരിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒ.പി.- 101, പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒ.പി. -201

എന്നിങ്ങനെയാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലും താലൂക്കാശുപത്രിയിലും ആർദ്രം മാനദണ്ഡപ്രകാരമുള്ള ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഓരോ തസ്തികകൾ സംബന്ധിച്ച പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാം. അംഗീകൃത തസ്തികകൾക്ക് പുറമെ ആവശ്യമുള്ള സ്ഥലങ്ങളിൽ എൻ.എച്ച്.എം. മുഖാന്തരമോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരമോ എച്ച്.എം.സി. അതായത് കാസ്പിന്റെ ഫണ്ടുപയോഗിച്ചോ ഡോക്ടർമാരുടെയും മറ്റ് അവശ്യവിഭാഗം ജീവനക്കാരുടെയും സേവനം ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. താലൂക്കാസ്ഥാന ആശുപത്രിയായ തിരൂരങ്ങാടിയിൽ റേഡിയോഗ്രാഫറുടെ തസ്തികയിൽ ഒഴിവുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞതെങ്കിലും 29-01-2024 തീയതി പ്രകാരം ആ തസ്തികയിൽ ഒഴിവില്ലെന്നുള്ളതാണ് ഫയലിൽനിന്നും വ്യക്തമാകുന്നത്. അവിടെ 157 അംഗീകൃത കിടക്കകളാണ് അനുവദിച്ചിട്ടുള്ളത്. 27 ഡോക്ടർമാരും 44 നേഴ്സുമാരും 6 ലാബ് ടെക്നീഷ്യന്മാരും 3 ഫാർമസിസ്റ്റുമാരും 12 നേഴ്സിംഗ് അസിസ്റ്റന്റുമാരും 12 ആശുപത്രി അറ്റൻഡർമാരും ഉൾപ്പെടെ ആകെ 127 സ്ഥിരം ജീവനക്കാരുടെ അംഗീകൃത തസ്തികകളാണുള്ളത്. ഇതുകൂടാതെ 26

പേർ എൻ.എച്ച്.എം., 33 പേർ എച്ച്.എം.സി. എന്നിവ മുഖേനയും 44 പേർ KASP ഫണ്ട് ഉപയോഗപ്പെടുത്തിയും താൽക്കാലിക ജീവനക്കാരായി സേവനമനുഷ്ഠിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ ലാബ് ടെക്നീഷ്യൻ - 4, ഡയാലിസിസ് ടെക്നീഷ്യൻ - 2 എന്നിങ്ങനെ 6 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുമുണ്ട്. അവിടെ ഗൈനക്കോളജിയിൽ 2 കൺസൾട്ടന്റ് തസ്തികയാണുള്ളത്. വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൺസൾട്ടന്റ് തസ്തികയിലുള്ള ഒരാൾ അനധികൃത അവധിയിലാണെന്ന് കാണുന്നുണ്ട് എന്നതാണ്. സംസ്ഥാനത്തെ പൊതു ചട്ട പ്രകാരം അനുവദനീയമായ അവധിയിൽ കൂടുതലെടുക്കുകയോ ആരോഗ്യപ്രവർത്തകർ 15 ദിവസത്തിൽ കൂടുതൽ അവധിയെടുക്കുകയോ ചെയ്താൽ അത് അനധികൃത അവധിയായി കണക്കാക്കുകയും അതിന്മേൽ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യും. ഒരാൾ അവധിക്ക് അപേക്ഷിച്ചാൽ ഡയറക്ടറേറ്റിലും സെക്രട്ടേറിയറ്റിലെ സെക്ഷനുകളിലും വച്ച് കാലതാമസം വരുത്താൻ പാടില്ല. നിശ്ചിത സമയത്തിനുള്ളിൽ തീരുമാനം കൈക്കൊണ്ട് നടപടി സ്വീകരിക്കേണ്ടതാണ്. ഗൈനക്കോളജിയിലെ 2 തസ്തികകളിലും ജീവനക്കാരെ പോസ്റ്റ് ചെയ്തിട്ടുള്ളതാണെങ്കിലും ഒരാൾ അനധികൃത

അവധിയിലും മറ്റൊരാൾ അവധിയിലുമായതുകൊണ്ട് അവിടെ പ്രശ്നമുണ്ട്. കഴിഞ്ഞ മാസം ശരാശരി 60 പ്രസവങ്ങളാണ് അവിടെ നടന്നത്. ആശുപത്രിയിലെ മറ്റ് ഡോക്ടർമാരും ജൂനിയർ കൺസൾട്ടന്റുമാരും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിൽ സ്പെഷ്യൽ റൂൾസ് പ്രകാരം വർഷങ്ങളായി കേസ് നിലവിലുണ്ടായിരുന്നു. അതിൽ സർക്കാർ പ്രത്യേകമായി ഇടപെട്ട് എണ്ണൂറോളം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. ഒരു റാങ്ക്‌ലിസ്റ്റിലെ എല്ലാവർക്കും ജോലി ലഭിച്ച സ്ഥിതിയാണുള്ളത്. ഇനിയും നിയമിക്കണമെങ്കിൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വരേണ്ടതുണ്ട്.

നെടുവ സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ - 8, നേഴ്സ് - 6, ഫാർമസിസ്റ്റ് -2, ലാബ് ടെക്നീഷ്യൻ - 2, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 7, ജെ.പി.എച്ച്.എൻ. - 9 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 54 തസ്തികകളുണ്ട്. 19 പേരെ എൻ.എച്ച്.എം. മുഖേന താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. പി.എസ്.സി. നിയമനം നടത്തുന്നതുവരെ അഡ്ഹോക്ക് വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ 6

ആരോഗ്യ കേന്ദ്രങ്ങളിലും ഈ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

പരപ്പനങ്ങാടി കുടുംബാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ - 3, നേഴ്സ് - 2, ഫാർമസിസ്റ്റ് - 2, ലാബ് ടെക്നീഷ്യൻ - 1, ജെ.എച്ച്.ഐ. - 4, ജെ.പി.എച്ച്.എൻ. - 6 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 24 തസ്തികകളുണ്ട്. എൻ.എച്ച്.എം. മുഖാന്തരം 2 നേഴ്സുമാരെയുൾപ്പെടെ 10 പേരെയും എൽ.എസ്.ജി.ഡി. മുഖാന്തരം ഒരു മെഡിക്കൽ ഓഫീസറെയും ലാബ് ടെക്നീഷ്യൻ ഉൾപ്പെടെ 4 പേരെയും എച്ച്.എം.സി. മുഖാന്തരം ഒരാളെയും അഡ്ഹോക്ക് വ്യവസ്ഥയിൽ 2 പേരെയും താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 5 പുതിയ തസ്തികകളാണ് ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അവിടെ സൃഷ്ടിച്ചത്.

നന്നമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിലുണ്ടായിരുന്ന ഒരു ഒഴിവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു ഡോക്ടറെ നിയമിച്ചിരുന്നു. എച്ച്.ഐ.-യുടെത് പ്രൊമോഷൻ തസ്തികയാണ്. അതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

തെന്നല കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ - 2, ഹെൽത്ത് ഇൻസ്പെക്ടർ - 1, പി.എച്ച്.എൻ. - 1, ജെ.എച്ച്.ഐ. - 2,

ജെ.പി.എച്ച്.എൻ. - 2 എന്നിങ്ങനെ സ്ഥിരം ജീവനക്കാരുടെ 16 തസ്തികകളും ഇതിനുപുറമെ എൻ.എച്ച്.എം. മുഖേന 6 പേരുടെ സേവനവും ലഭ്യമാകുന്നുണ്ട്.

ഇടരിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ -3, നേഴ്സ് - 1, ഫാർമസിസ്റ്റ് - 1 എന്നിങ്ങനെയുള്ള ഒഴിവുകളിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും അതിനുസരിച്ചുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പെരുമണ്ണക്ലാരി കുടുംബാരോഗ്യ കേന്ദ്രത്തിലും അസിസ്റ്റന്റ് സർജൻ -2, നേഴ്സ് - 2 എന്നിങ്ങനെയാണ്. ഇതിൽ പ്രധാനപ്പെട്ട കാര്യം 15 ദിവസത്തിൽ കൂടുതലുള്ള അവധികൾ അനധികൃത അവധികളായി കണക്കാക്കുകയും അതിൽ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോകാനുമാണ് ആരോഗ്യവകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

## ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിന് പുതുക്കിയ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ

സാധിക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കായിക കേരളത്തിന്റെ കളിത്തൊട്ടിലെന്ന് അറിയപ്പെടുന്നതും കായിക മേഖലയ്ക്ക് വലിയ സംഭാവന നൽകിയിട്ടുള്ളതുമായ ജില്ലയാണ് പാലക്കാട്. സംസ്ഥാന സ്കൂൾ കായിക മേളയിലുൾപ്പെടെ തുടർച്ചയായി ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ പാലക്കാട് ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ തലത്തിൽ നിരവധി കായികതാരങ്ങളെ സംഭാവന ചെയ്ത പ്രദേശമാണ് ഒറ്റപ്പാലം. ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിലവിൽ ഇൻഡോർ സ്റ്റേഡിയമില്ല. ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകളിലും സിന്തറ്റിക്ക് ട്രാക്കോ ഇൻഡോർ സ്റ്റേഡിയമോ നിലവിലില്ല. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് പാലക്കാട് ജില്ലയിൽ അന്താരാഷ്ട്ര നിലവാരമുള്ള അഞ്ച് സ്റ്റേഡിയങ്ങൾ സ്ഥാപിക്കപ്പെട്ടതെന്ന സന്തോഷകരമായ കാര്യവും ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. എന്നാൽ നേരത്തെ ബഡ്ജറ്റിൽ അനുവദിക്കുകയും ആറ് ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുള്ള ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയത്തിന്റെ സ്ഥലവുമായി ബന്ധപ്പെട്ട പരിമിതികളായിരുന്നു നേരത്തെയുണ്ടായിരുന്നത്. സ്റ്റേഡിയം

നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി ഇൻഡോർ സ്റ്റേഡിയം യാഥാർത്ഥ്യമാക്കണമെന്ന വിഷയം ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2017-2018 സാമ്പത്തികവർഷം മുതലാണ് മരാമത്ത് പണികളുടെ അടങ്കൽ തുകയുടെ 20 ശതമാനം സംസ്ഥാന ബഡ്ജറ്റിൽ (ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധമായി മരാമത്ത് വിവരങ്ങൾ ചേർത്തുകൊണ്ട്) അനുവദിച്ചു തുടങ്ങിയത്. ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം എന്ന പ്രവൃത്തിക്ക് 2021-2022 സാമ്പത്തികവർഷത്തെ വർക്ക് അപ്പെൻഡിക്സിൽ അടങ്കൽ തുകയായ 10 കോടി രൂപയുടെ 20 ശതമാനമായ 2 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ വകയിരുത്തിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഒറ്റപ്പാലം എം.എൽ.എ. ശ്രീ. കെ. പ്രേംകുമാർ ധനകാര്യ വകുപ്പിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും കായിക വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനുള്ള 10 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സ്പോർട്സ്

കേരള ഫൗണ്ടേഷൻ എന്ന സ്ഥാപനം തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അതിന്മേൽ ഉചിതമായ തീരുമാനമെടുക്കുമെന്നാണ് അറിയിക്കാനുള്ളത്.